Minister for Industries, Excise and Local Self Government
[Sri. N. Kunjuraman]:

(*a*) Yes.

(*b*) Government are rendering help to cottage industrialists for the formation and working of co-operative industrial societies.

ഗവമ്മെൻറുത്തരവുകൾ

*വ്യ.വ്യ൯. (൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കോടതികളിലെ ജഡ്ജ്മെൻറുകൾപോലെ ഗവമ്മെണ്ടുത്തരവുകളും പബ്ലിക്ക് റിക്കാർഡുകൾ അല്ലേ;

(ബി) ഗവമ്മെണ്ടുത്തരവുകളുടെ പകർപ്പുകൾ കൊടുക്കുവാൻ പാടില്ലെന്നും അവ രഹസ്യമായി സൂക്ഷിക്കണമെന്നും ഗവമ്മെണ്ടുത്തരവോ സർക്കുലറോ പുറപ്പെടുവിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ കാരണമെന്തു"?

(സി) ഗവമ്മെണ്ടുത്തരവുകൾ ജനങ്ങളിൽനിന്നു മറച്ചു രഹസ്യമായി സൂക്ഷിക്കണമെന്ന ഗവമ്മെണ്ടിനു് ആഗ്രഹമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) അല്ല. ഗവമ്മെണ്ടുത്തരവുകൾ എക്സിക്യൂട്ടീവു് ഓർഡറുകളോ നിർദ്ദേശങ്ങളോ മാത്രമാണു്.

(ബി) ഇല്ല. ഗവമ്മെണ്ടിനെ ഹാനികരമായി ബാധിക്കയില്ലെന്നു ബോദ്ധ്യപ്പെട്ടന്നപക്ഷം ഗവമ്മെണ്ടുത്തരവുകളുടെ പകർപ്പുകൾ അപേക്ഷകന്മാർക്കു് കൊടുക്കാവുന്നതാണു്; കൊടുത്തുവരുന്നുമുണ്ടു്.

(സി) ജനങ്ങൾക്കു് പൊതുവേ ആവശ്യമായി തോന്നുന്ന ഗവമ്മെണ്ടുത്തരവുകൾ ഗവമ്മെണ്ടു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. അവയെ അടിസ്ഥാനപ്പെടുത്തി പ്രസ്സു് നോട്ടുകളും പ്രസിദ്ധപ്പെടുത്താറുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഗവമ്മെണ്ടിനെ ഹാനികരമായി ബാധിക്കുന്ന ഉത്തരവുകൾ ഏതെന്നും അല്ലാത്തവ ഏതെന്നും നിശ്ചയിക്കുന്നതു് ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഗവമ്മെണ്ടുതന്നെയാണു്.

പ്രമാണങ്ങൾ

*വ്യ൯ ൦. (൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) രജിസ്റ്റർ കച്ചേരികളിൽ രജിസ്റ്റർ ചെയ്യുന്നതിനു ഹാജരാക്കുന്ന പ്രമാണങ്ങളിൽ കക്ഷികളുടെ ജാതിയും മതവും കാണിച്ചിരിക്കണമെന്നു് നിയമമുണ്ടോ;

(ബി) ആ നിയമം ഭേദപ്പെടുത്തണമെന്നും പ്രമാണങ്ങളിൽ ജാതിയും മതവും കാണിക്കേണ്ടതായ ആവശ്യമില്ലെന്നും കാണിച്ചു ഗവമ്മെണ്ടിലേക്കു നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) അതു സംബന്ധിച്ചു് ഗവമ്മെണ്ടു് വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) ഉദ്ഭവിക്കുന്നില്ല.

മോണോസൈറ ഫാക്ടറി

*വ്യ൯ ൧. (൭) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മോണോസൈറ ഫാക്ടറി സ്ഥാപിക്കുന്നതു് സംബന്ധിച്ചു ഈ ഗവമ്മെണ്ടും ഇൻഡ്യാഗവമ്മെണ്ടും തമ്മിൽ എന്തെങ്കിലും കരാർ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കരാർ എന്താണെന്നു പറയാൻ ദയവുണ്ടാകുമോ;

(സി) മോണോസൈറ ഫാക്ടറി ഈ സ്റ്റേറ്റിൽ സ്ഥാപിക്കാൻ ആലോചിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ എപ്പോൾ എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള :

(എ) മോണോസൈറ ഫാക്ടറി സ്ഥാപിക്കുന്നതു സംബന്ധിച്ച് ഈ ഗവണ്മെണ്ടും ഇൻഡ്യാഗവണ്മെണ്ടും തമ്മിൽ ആലോചന നടത്തിയിട്ടുണ്ട്.

(ബി) കരാറിലെ പ്രധാന വ്യവസ്ഥ ആകെയുള്ള മൂലധനത്തിന്റെ ൪൫ ശതമാനം ഈ ഗവണ്മെണ്ടു് എടുക്കണമെന്നും ബാക്കിയുള്ള ൫൫ ശതമാനം ഇൻഡ്യാഗവണ്മെണ്ടു് എടുക്കണമെന്നുമാണ്.

(സി) ഈ സ്റ്റേറ്റിൽ സ്ഥാപിക്കുമെന്നാണ് ഗവണ്മെണ്ടു പ്രതീക്ഷിക്കുന്നതു്.

(ഡി) കഴിയുന്നതു വേഗത്തിൽ ഈ സ്റ്റേറ്റിൽ സ്ഥാപിക്കുമെന്നാണ് ഗവണ്മെണ്ടു പ്രതീക്ഷിക്കുന്നതു്.

ശ്രീ. പി. നാണു : എന്റെ (ഡി) ചോദ്യം "ഉണ്ടെങ്കിൽ എപ്പോൾ എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നതെ"ന്നാണ്.

ശ്രീ. ടി. കെ. നാരായണപിള്ള : അതുതന്നെയാണ് ഞാൻ പറഞ്ഞതും. ഈ സ്റ്റേറ്റിൽ സൗകര്യപ്രദമായ ഒരു സ്ഥലത്തു സ്ഥാപിക്കണമെന്നാണ് ഗവണ്മെണ്ടാവശ്യപ്പെട്ടിട്ടുള്ളതു്. അതുസംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഈ അസംബ്ലിയിൽതന്നെ ഇതിനു മുമ്പൊരവസരത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. അതായതു്, ഈ കാര്യം സംബന്ധിച്ചു് ഇൻഡ്യാഗവണ്മെണ്ടു് ഒരു കമ്മിറ്റിയെ നിയമിക്കുകയും ആ കമ്മിറ്റി ഈ ഗവണ്മെണ്ടിനെ സന്ദർശിച്ചതിൽ ആലുവായിൽ ഈ ഫാക്ടറി സ്ഥാപിക്കുന്നതു കൂടുതൽ സൗകര്യപ്രദമായിരിക്കുമെന്നു് അഭിപ്രായപ്പെടുകയും ആ അഭിപ്രായം ഇൻഡ്യാഗവണ്മെണ്ടിനെ ആ കമ്മിറ്റി അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും ആ അഭിപ്രായത്തെപ്പറ്റി ഇൻഡ്യാഗവണ്മെണ്ടു അവസാന തീരുമാനം ചെയ്തിട്ടില്ലെന്നും മറ്റുമുള്ള വിവരങ്ങളും ഇതിനു മുമ്പുതന്നെ സഭ മുമ്പാകെ പ്രസ്താവിച്ചിട്ടുള്ളതാണ്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : അപ്പോൾ ഈ സംഗതി ഇതുവരെ തീരുമാനിച്ചിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഫാക്ടറി സ്ഥാപിക്കണമെന്നുള്ള കാര്യം തീരുമാനിച്ചിട്ടില്ലെന്നല്ല ഞാൻ പറഞ്ഞതു്. ഫാക്ടറിയുടെ ലൊക്കേഷന്റെ അവസാനമായ തീരുമാനം ഉണ്ടായിട്ടില്ലെന്നും ഇതുവരെയുള്ള കത്തിടപാടുകളിൽനിന്നും അഭിപ്രായ വിനിമയങ്ങളിൽനിന്നും ആ ഫാക്ടറി ആലുവായിലോ ആലുവായുടെ പരിസരപ്രദേശങ്ങളിലോ സ്ഥാപിക്കുമെന്നുമാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള. അങ്ങനെയാണെങ്കിൽ ഈ ഫാക്ടറിക്കു സഹായമായിട്ടു് കാസ്റ്റിക്കു സോഡാ ഫാക്ടറി സ്ഥാപിക്കണമെന്നു് ഒരു ഡിമാൻണ്ടു് കഴിഞ്ഞ ദിവസം കൊണ്ടുവന്നതു് ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു വളരെ ശരിയായിട്ടുള്ളതാണ്. അതുകൊണ്ടാണ് ഒരു സപ്ലിമെന്ററി ഗ്രാന്റു് ഇവിടെ കൊണ്ടുവരാനും പാസ്സാക്കാനും ഇടയായതു്.

Sri. D. Gnanasigamoni: What, according to this Government, will be the total capital that will be needed for this factory?

Sri. T. K. Narayana Pillai: That will be Rs. 65 lakhs. I am making a rough calculation. 45 per cent belongs to this Government and 55 per cent belongs to the Government of India. The amount that this Government will have to be paid will be nearly 24 to 25 lakhs of rupees.

ശ്രീ. എ. കെ. പാച്ചുപിള്ള : ആ കമ്പനിയുടെ ആദായത്തെ സംബന്ധിച്ചുള്ള വ്യവസ്ഥ എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള : ആദായം ൪൫ ശതമാനം ഈ ഗവണ്മെണ്ടിനും ൫൫ ശതമാനം ഇൻഡ്യാഗവണ്മെണ്ടിനും ആണ്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : നാം കൊടുക്കേണ്ട ൪൫ ശതമാനം മെറിറിയൽസ് ആയിട്ടാണോ കൊടുക്കേണ്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള : മെറിറിയൽസ് കൊടുക്കുന്നതിനുള്ള വില നമുക്കു പ്രത്യേകം തരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly